പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5724 — 02-7-2014-ൽ മറുപടിക്ക്

**കേരള വാട്ടർ അതോറിറ്റിയിലെ ഇ..പി. ആർ പദ്ധതി.**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ബാലൻ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ. പി. ആർപദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. താഴെപ്പറയുന്ന മോഡ്യൂളുകളുള്ള ഇ.ആർ.പി. (Enterprise Resource & Planning) പദ്ധതിക്ക് വേണ്ടി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞു.<br>1. അസറ്റ് മാനേജ്മെന്റ്.<br>2. ഫിനാൻഷ്യൽ മാനേജ്മെന്റ്.<br>3. ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ്.<br>4. പ്രോജക്ട് മാനേജ്മെന്റ്.<br>5. ഓപ്പറേഷൻ & മെയിന്റനൻസ് മാനേജ്മെന്റ്.<br>6. പർച്ചേസ്/ മെറ്റീരിയൽ മാനേജ്മെന്റ്.<br>7. ഡോക്യുമെന്റ് മാനേജ്മെന്റ്.<br>8. കോർപ്പറേറ്റ് മാനേജ്മെന്റ്. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കേരള വാട്ടർ അതോറിറ്റിയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കേന്ദ്രീകൃത സോഫ്റ്റ്വെയറാണ് ഇ.ആർ.പി. വരവ് ചെലവ് കണക്കുകൾ എല്ലാം തന്നെ സൂക്ഷ്മമായി പരിശോധിക്കാനും നിയന്ത്രിക്കുവാനും, അനാവശ്യ ചെലവുകൾ കുറയ്ക്കുവാനും ഇതുവഴി സാധ്യമാകുന്നതാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ (പ്രമോഷൻ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, ലീവ് തുടങ്ങിയവ) കൃത്യമായി നിരീക്ഷിക്കാനും കാലതാമസം കൂടാതെ നടപ്പിലാക്കാനും സാധ്യമാകുന്നതാണ്. എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കാനും അധിക ചെലവുകൾ |

നിയന്ത്രിക്കാനും ഉതകുന്നതാണ്. അറ്റകുറ്റപണികളും പമ്പുകളുടെയും പൈപ്പുകളുടെയും പ്ലാന്റുകളുടെയും പ്രിവന്റീവ് മെയിന്റനൻസുകളുടെ മേൽനോട്ടവും മെറ്റീരിയൽ പർച്ചേസും കാര്യക്ഷമമായി നടപ്പാക്കാൻ ഇതുവഴി സാധിക്കുന്നതാണ്.

ഇപ്പോൾ നിലവിലുള്ള പേപ്പർ ഫയൽ ഡിജിറ്റലൈസ് ചെയ്ത് ഡിജിറ്റൽ ഫയൽ വഴി സൂക്ഷിക്കുവാനും വേണ്ട തീരുമാനങ്ങൾ വളരെ പെട്ടെന്ന് തന്നെ എടുക്കുവാനും സാധിക്കുന്നതാണ്. ഇതുകൂടാതെ അതോറിറ്റിയുമായി ബന്ധപ്പെട്ട് കോടതി കേസുകൾ കൈകാര്യം ചെയ്യുവാനും, എല്ലാ ജീവനക്കാർക്കും ഇ-മെയിൽ സംവിധാനവും ഇ.ആർ.പി. യിലൂടെ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി. ആർ തയ്യാറാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; ആയതിന്റെ ചെലവ് എത്ര രൂപയായിരുന്നു; എത്ര രൂപയാണ് പദ്ധതിക്കായി വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജൈക്ക പ്രോജക്ടിന്റെ കൺസൽട്ടന്റ് ആയ ടോക്യോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി ആണ് ഡി.പി.ആർ./ പ്രസ്തുത പദ്ധതിയുടെ ടെൻഡർ ഡോക്യുമെന്റുകൾ തയ്യാറാക്കിയത്. ഇത്തരം ജോലികൾ കൺസൾട്ടൻസി കരാറിൽ ഉള്ളതാണ്. 19 കോടി രൂപയാണ് ഈ പദ്ധതിക്കായി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ:

(സി) ഉണ്ട്. 20.10.2009 ലെ സ.ഉ(സാധാ)1175/09/ജവിവ നമ്പർ ഉത്തരവ് പ്രകാരം 2987.40 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 101.40 കോടി രൂപ സ്ഥാപനശാക്തീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇ.ആർ. പി പദ്ധതി സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ഇ) പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് ഏതാണെന്ന് അറിയിക്കുമോ; പദ്ധതി നടപ്പിലാക്കുന്ന ഏജൻസി ഏതാണ്; ഏജൻസിയെ തെരഞ്ഞെടുത്തത് എപ്രകാരമാണ്; ഏജൻസിയുടെ യോഗ്യതകളായി എന്തൊക്കെയാണു നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഇ) ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസിയാണ് പദ്ധതിക്ക് ധനസഹായം നൽകുന്നത്. ഭവൻ സൈബർ ടെക്ക് (Bhavan Cyber Tek) എന്ന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ-ടെണ്ടർ പ്രാകാരമാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തത്. ഏജൻസികൾക്ക് വേണ്ട മിനിമം യോഗ്യതയുടെ മാനദണ്ഡങ്ങളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(എഫ്) പദ്ധതിക്കായി ടെണ്ടർ വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഏജൻസികൾ പങ്കെടുത്തു. ഓരോ ഏജൻസിയും എത്ര തുകയാണ് ക്വോട്ട് ചെയ്തതെന്ന് അറിയിക്കുമോ;

(എഫ്) ഉണ്ട്. ടെൻഡറിൽ പങ്കെടുത്ത ഏജൻസികളും അവർ ക്വാട്ട് ചെയ്ത തുകയും താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഏജൻസി | രൂപ (കോടിയിൽ) |
|---|---|---|
| 1. | Bhavan Cyber Tek | 19.5 |
| 2. | KPIT | 25.37 |
| 3. | L&T | 29.50 |
| 4. | Wipro | 20.53 |
| 5. | SRIT | ടെണ്ടറിനു വേണ്ട മിനിമം യോഗ്യത ഇല്ലാത്തതിനാൽ ഈ കമ്പനികളുടെ പ്രൈസ് ബിഡ് തുറന്നിട്ടില്ല. |
| 6. | Yash Technologies | |
| 7. | CMC Ltd. | |

(എച്ച്) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(എച്ച്) ആരംഭിച്ചിട്ടുണ്ട്. 2015 മെയ് മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഐ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; ആയതിന് യൂസേഴ്സ് ഫീ പിരിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

(ഐ) അതോറിറ്റിയുടെ കാര്യക്ഷമത കൂട്ടുന്നതിലൂടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതാണ്. ഇതിനായി ഗുണഭോക്താക്കൾ യൂസേഴ്സ് ഫീ നൽകേണ്ടതില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**